പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2644 — 09-05-2017-ലെ മറുപടിയ്ക്ക്

## 2011-12 മുതൽ 2016-17 വരെ കാർഷികവിളകളുടെ ഉല്പാദനവും ഇറക്കുമതിയും

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.ശശി** | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| **(എ)** | 2011-12 മുതൽ 2015-16 വരെയുള്ള കാലഘട്ടങ്ങളിൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ ആവശ്യത്തിനായുള്ള പച്ചക്കറി ഉൾപ്പെടെയുള്ള കാർഷികവിളകൾ എത്ര; ഇവ ഓരോന്നിന്റേയും ആഭ്യന്തര ഉല്പാദനം എത്ര; മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ഇറക്കുമതി എത്ര; ഏതെല്ലാം സംസ്ഥാനങ്ങളെ ആശ്രയിച്ചാണ് ഇവയുടെ ഇറക്കുമതി; എന്നിവ വ്യക്തമാക്കുമോ; | **(എ) & (ബി)** | അന്തർ സംസ്ഥാന കാർഷികോത്പന്ന വിപണനത്തിന് ക്വാസി ഫെഡറൽ സംവിധാനത്തിൽ നിയന്ത്രണങ്ങളൊന്നും നിലവിലില്ലാത്തതിനാൽ ഇതു സംബന്ധിച്ച കണക്കുകളൊന്നും ലഭ്യമല്ല. പ്രധാനമായും തമിഴ് നാട്, കർണ്ണാടക, ആന്ധ്ര സംസ്ഥാനങ്ങളിൽ നിന്നുമാണ് ഉൽപന്നങ്ങൾ സംസ്ഥാനത്ത് വിപണനം ചെയ്യുന്നത്. മറ്റു വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.<br><br>ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി പല കാർഷിക ഉൽപന്നങ്ങൾക്കുമായി മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതായി വരും. എന്നാൽ പഴം പച്ചക്കറികളിലെ മാലിന്യം സംബന്ധിച്ച് സാമ്പിളുകൾ പരിശോധിച്ച് വിഷാംശത്തിന്റെ തോത് നിർണ്ണയിക്കുകയും യഥാസമയം ജനങ്ങളെ മാധ്യമങ്ങൾ വഴി ബോധ്യപ്പെടുത്തി വിഷരഹിത പച്ചക്കറി ഉൽപാദനത്തിനും ഉപഭോഗത്തിനുമായി ബോധവൽക്കരിച്ചു വരുന്നു. |
| **(ബി)** | ഇത് 2016-17 കാലഘട്ടത്തിൽ എത്ര എന്നും കാർഷിക വിളകളുടെ ഇറക്കുമതിക്കായി ഏതെല്ലാം സംസ്ഥാനങ്ങളെ ആശ്രയിച്ചിരുന്നു എന്നും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുമ്പോൾ കച്ചവടലോബിയുടെ കടന്നുകയറ്റം മൂലം വില വർദ്ധനവുണ്ടാകുന്നതും വിഷലിപ്തമായ പച്ചക്കറികൾ ഇറക്കുമതി ചെയ്യേണ്ടുന്ന അവസ്ഥയുണ്ടാകുന്നതും സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ; | | |
| **(സി)** | സംസ്ഥാനത്തിനാവശ്യമായ പഴവർഗ്ഗങ്ങളുടെ ദൈനംദിന അളവ് എത്ര; ആഭ്യന്തര ഉല്പാദനം എത്ര; മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്നതിന്റെ തോത് എത്ര; ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ? | **(സി)** | ആഭ്യന്തര ഉല്പാദനം കൂടുതലുള്ള പഴവർഗ്ഗങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.<br><br>മാറിയ സാഹചര്യത്തിലും അന്തർ സംസ്ഥാന വിപണനം സംബന്ധിച്ച് നിയന്ത്രണങ്ങളൊന്നും നിലവിലില്ലാത്തതിനാലും സംസ്ഥാനത്ത് വിപണനവും ഉപഭോഗവും ചെയ്യപ്പെടുന്ന മുഴുവൻ പഴവർഗ്ഗങ്ങൾ സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം 1

| കാർഷിക വിള | | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 |
|---|---|---|---|---|---|---|---|
| പച്ചക്കറി (ലക്ഷം മെട്രിക് ടൺ) | ആവശ്യകത | 19.60 | **19.70** | **19.79** | **19.89** | **19.99** | **20.09** |
| | ഉല്പാദനം | 5.55 | 5.51 | 5.57 | 5.98 | 6.28 | 7.25 |
| തേങ്ങ (മില്യൺ നട്ട്സ്) | ആവശ്യകത | 2191 | 2202 | 2213 | 2223 | 2234 | 2245 |
| | ഉല്പാദനം | 5941 | 5799 | 5921 | 5947 | 5873 | കണക്കുകൾ ലഭ്യമായി വരുന്നതേയുള്ളൂ |
| അരി (മെട്രിക് ടൺ) | ആവശ്യകത | 3032815 | 3047671 | 3062608 | 3077616 | 3088000 | 3103000 |
| | ഉല്പാദനം | 568993 | 508299 | 564325 | 562092 | 549275 | കണക്കുകൾ ലഭ്യമായി വരുന്നതേയുള്ളൂ |

## അനുബന്ധം 2

| ക്രമ നമ്പർ | ഇനം | ഒരു മാസം ആവശ്യമായത് * | വാർഷിക ഉൽപ്പാദനം (മെട്രിക് ടൺ) 2015-16 |
|---|---|---|---|
| 1 | ഏത്തൻ (എണ്ണം) | 2113 (ലക്ഷം) | 545431 |
| 2 | പഴം | ലഭ്യമല്ല | 468320 |
| 3 | പൈനാപ്പിൾ (എണ്ണം) | 27 (ലക്ഷം) | 77731 |
| 4 | പപ്പായ (ടൺ) | 1207 | 107200 |
| 5 | മാങ്ങ (ടൺ) | 1897 | 434129 |

**സെക്ഷൻ ഓഫീസർ**